പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16 — 27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എം.ഷാജി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാന സെക്രട്ടേറിയറ്റിലെ പൊതു ഭരണ ധനവകുപ്പുകളെക്കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) രൂപീകരിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കെ.എ.എസ്.രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാന ഭരണത്തിനുണ്ടാകാവുന്ന ഗുണദോഷങ്ങളെക്കുറിച്ച് ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശങ്ങളോടുകൂടി സെക്രട്ടറിയേറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നത് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുന്നതിനും സെക്രട്ടറിയേറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനുമായി 16.08.2016 ലെ G.O.(Rt) No.322/2016/ P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും |

പ്രസ്തുത കമ്മിറ്റി അതിന്മേൽ അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയതുകൂടി പരിഗണിച്ച് കേരളത്തിലെ സിവിൽ സർവ്വീസിന്റെ മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28.12.2016 ൽ ചേർന്ന മന്ത്രിസഭായോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയും 04.01.2017 ലെ G.O.(Ms) No.1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുമുണ്ട്.

(സി) ജനങ്ങൾക്ക് സേവനം നല്കുന്ന കാര്യത്തിൽ കെ.എ.എസ്.ന്റെ അഭാവം കൊണ്ട് നിലവിലെ ഭരണ സംവിധാനം എന്തൊക്കെ പരാധീനതകൾ നേരിടുന്നുണ്ടെന്നാണ് കരുതുന്നത്;

(സി) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേയ്ക്ക് കടന്നു വരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബലമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും മാറ്റിക്കൊണ്ടുവരാൻ കഴിയും.

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ മുൻവിധിയോടെയുള്ള സമീപനം സർക്കാരിനുണ്ടെന്ന ആക്ഷേപം കണക്കിലെടുത്ത് വിശദപഠനം നടത്താൻ തയ്യാറാകുമോ? | (ഡി) സംതൃപ്തവും ക്രിയാത്മകവുമായ സിവിൽ സർവ്വീസ് എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുകയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ